ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 24.08.2024 പ്രധാന വാർത്തകൾ TIME : 12.50 PM

1. പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

   **PM Narendra Modi to share his thoughts in Mann Ki Baat programme on Akashvani at 11 am tomorrow.**

2. പ്രധാനമന്ത്രിയുടെ യുക്രൈൻ സന്ദർശനം പൂർത്തിയായി; റഷ്യ - യുക്രൈൻ സംഘർഷം അവസാനിപ്പിക്കാൻ സമാധാനപരമായ ശ്രമങ്ങളാണ് ആവശ്യമെന്ന് പ്രധാനമന്ത്രി.

   **Prime Minister concludes visit to Ukraine; PM says peaceful efforts are needed to end Russia-Ukraine conflict.**

3. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് - യു.എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി; പ്രതിരോധ - വ്യാവസായിക സഹകരണം, പ്രാദേശിക സുരക്ഷ തുടങ്ങിയവ ചർച്ചയായി.

   **Defence Minister Rajnath Singh and his US counterpart Lloyd Austin review existing defence cooperation activities between the two countries.**

4. നേപ്പാൾ ബസ് അപകടത്തിൽ മരിച്ചവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര സഹമന്ത്രി രക്ഷ ഖഡ്സെ കാഠ്മണ്ഡുവിൽ; ദുരന്തത്തിൽ രാഷ്ട്രപതി,

പ്രധാനമന്ത്രി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.

**MoS Raksha Khadse reaches Kathmandu to oversee repatriation of mortal remains of those who died in the Nepal bus accident; The President, Prime Minister and others expressed condolence over the tragedy.**

5. വയനാട്ടിലെ ദുരന്ത ബാധിത പ്രദേശത്തെ സ്കൂളുകൾ സെപ്റ്റംബർ 2 ന് തുറക്കുമെന്ന് മന്ത്രി കെ രാജൻ.

**Minister K Rajan says the schools in the landslide affected areas of Wayanad will be opened on September 2.**

6. അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച് ശിഖർ ധവാൻ.

**Shikhar Dhawan announces retirement from international and domestic Cricket.**

&&&&&&&&&&&&&&&&

## HEADLINE – 1
## PM-MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 113 - ആം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും മുഴുവൻ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമായിരിക്കും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 2

## PRIME MINISTER - UKRAINE - INTRO

പോളണ്ട് - യുക്രൈൻ സന്ദർശനം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്രമോദി തിരികെയെത്തി. സന്ദർശനം ചരിത്രപരമായിരുന്നുവെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. തനിക്ക് ലഭിച്ച ആതിഥ്യമര്യാദയ്ക്ക് യുക്രൈൻ സർക്കാരിനും ജനങ്ങൾക്കും ശ്രീ മോദി നന്ദി പറഞ്ഞു.

**വിശദാംശങ്ങളിലേക്ക്.....**

(വോയ്സ്)

*ഇന്നലെ യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തിയ പ്രധാനമന്ത്രി റഷ്യ - യുക്രൈൻ സംഘർഷം അവസാനിപ്പിക്കാൻ സമാധാനപരമായ ശ്രമങ്ങളാണ് ആവശ്യമെന്ന് അഭിപ്രായപ്പെട്ടു. നയതന്ത്രമാർഗ്ഗങ്ങളിലൂടെ പ്രശ്നം പരിഹരിക്കണമെന്ന നിലപാടാണ് ഇന്ത്യ ആവർത്തിച്ചത്. സമകാലിക ലോകം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാനുള്ള മികച്ച മാർഗ്ഗമാണ് ഗാന്ധിജി നൽകിയ സമാധാന സന്ദേശമെന്ന് ശ്രീ മോദി പറഞ്ഞു. റഷ്യയുമായുള്ള സംഘർഷം അവസാനിപ്പിക്കാൻ ഇന്ത്യക്ക് നിർണായക ഇടപെടൽ നടത്താൻ സാധിക്കുമെന്ന് യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലെൻസ്കി അഭിപ്രായപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യുക്രൈൻ സന്ദർശനത്തിനിടെ വ്യാപാരം, കൃഷി, പ്രതിരോധം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിലെ സഹകരണം സംബന്ധിച്ച ചർച്ചകൾ നടന്നു. യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയ്ക്കൊപ്പം, അദ്ദേഹം കീവിലെ ദേശീയ ചരിത്ര മ്യൂസിയത്തിൽ, രക്തസാക്ഷികളായ കുട്ടികളെക്കുറിച്ചുള്ള പ്രദർശനം വീക്ഷിച്ചു. സംഘർഷത്തിൽ കുരുന്നു*

*ജീവനുകൾ പൊലിഞ്ഞതിൽ ദുഃഖം രേഖപ്പെടുത്തിയ ശ്രീ മോദി കുട്ടികളുടെ ഓർമകളോടുള്ള ആദരസൂചകമായി കളിപ്പാട്ടം സമർപ്പിച്ചു. കീവിലെ മഹാത്മാഗാന്ധി പ്രതിമയിൽ പ്രധാനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു. രണ്ടു ദിവസത്തെ പോളണ്ട് സന്ദർശനത്തിന് ശേഷമാണ് പ്രധാനമന്ത്രി യുക്രൈനിൽ എത്തിയത്. ന്യൂസ് ഡെസ്ക്, ആകാശവാണി.....*

&&&&&&&&&&&&&&&&&

## HEADLINE – 3
## RAJNATH - US VISIT

അമേരിക്കൻ സന്ദർശനം തുടരുന്ന രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് യു.എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. പ്രതിരോധ - വ്യാവസായിക സഹകരണം, പ്രാദേശിക സുരക്ഷ എന്നിവയെക്കുറിച്ച് ഇരു നേതാക്കളും വിശദമായ ചർച്ചകൾ നടത്തി. പ്രമുഖ യുഎസ് പ്രതിരോധ കമ്പനികളുമായി ശ്രീ രാജ്നാഥ് സിംഗ് ആശയവിനിമയം നടത്തി. പ്രതിരോധ മേഖലയിൽ ആത്മനിർഭരത കൈവരിക്കുന്നതിനുള്ള മേക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ പങ്കാളികളാകാൻ അമേരിക്കൻ കമ്പനികളെ ക്ഷണിച്ചതായി രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## AMIT SHAH - CHHATTISGARH

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഛത്തീസ്ഗഡിൽ. നക്സൽ വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇന്ന് നടക്കുന്ന യോഗങ്ങളിൽ അദ്ദേഹം അധ്യക്ഷത വഹിക്കും. റായ്പൂർ ജില്ലയിലെ ചമ്പാരൻ പട്ടണത്തിലുള്ള മഹാപ്രഭു വല്ലഭാചാര്യയുടെ ആശ്രമവും അദ്ദേഹം സന്ദർശിക്കും.

തുടർന്ന്, അന്തർസംസ്ഥാന ഏകോപനവുമായി ബന്ധപ്പെട്ട് ഛത്തീസ്ഗഢിലെയും അയൽ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാരുടെയും പൊലീസ് മേധാവിമാരുടെയും യോഗത്തിലും ശ്രീ അമിത്ഷാ പങ്കെടുക്കുന്നുണ്ട്. നാളെ, റായ്പൂരിലെ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ഓഫീസിന്റെ ഉദ്ഘാടനം, സഹകരണ മേഖലയുടെ വിപുലീകരണ യോഗം എന്നിവയിലും കേന്ദ്ര മന്ത്രി സന്നിഹിതനാകും.

&&&&&&&&&&&&&&&&

## EDUCATION MINISTRY GUIDELINES

രാജ്യത്തുടനീളമുള്ള സ്കൂളുകളിലെ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനായുള്ള 2021-ലെ മാർഗനിർദേശങ്ങൾ നടപ്പാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിർദേശം നൽകി. സർക്കാർ, എയ്ഡഡ്, സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ സുരക്ഷയിൽ സ്കൂൾ മാനേജ്മെന്റിന്റെ ഉത്തരവാദിത്തം ഉറപ്പാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ളതാണ് ഇത്. മന്ത്രാലയത്തിന് കീഴിലുള്ള സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പു പോക്സോ മാർഗനിർദേശ രേഖകൾ കൂടി ഉൾപ്പെടുത്തിയാണ് നിർദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

&&&&&&&&&&&&&&&&

## HEADLINE – 4
## PM - NEPAL - BUS ACCIDENT

നേപ്പാൾ ബസ് അപകടത്തിൽ മരിച്ച മഹാരാഷ്ട്രയിലെ ജൽഗാവ് ജില്ലയിൽ നിന്നുള്ള 24 പേരുടെ മൃതദേഹങ്ങൾ ഇന്ന് നാട്ടിലെത്തിക്കും. കാര്യങ്ങൾ

ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര സഹമന്ത്രി രക്ഷ ഖഡ്സെ കാഠ്മണ്ഡുവിലെത്തിയിട്ടുണ്ട്. ഇന്ത്യൻ അംബാസഡർ നവീൻ ശ്രീവാസ്തവയുമായും നേപ്പാൾ വിദേശകാര്യ മന്ത്രാലയം ജോയിൻ്റ് സെക്രട്ടറി ബ്രിഘു ദുംഗാനയുമായും കേന്ദ്രസഹമന്ത്രി ചർച്ച നടത്തി. ദുരന്തത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. ദുരിതബാധിതർക്ക് സാധ്യമായ എല്ലാ സഹായവും ഇന്ത്യൻ എംബസി വഴി നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ത്യയിൽ നിന്നുള്ള യാത്രക്കാരുമായി വന്ന ബസ് നേപ്പാളിലെ പൃഥ്വി ഹൈവേയിൽ ഇന്നലെയാണ് അപകടത്തിൽ പെട്ടത്. 3 ബസ് ജീവനക്കാരുൾപ്പെടെ 27 പേർക്ക് അപകടത്തിൽ ജീവൻ നഷ്ടമായി.

&&&&&&&&&&&&&&&&

## HEADLINE – 5

## WAYANAD - K RAJAN

വയനാട്ടിലെ ദുരന്ത ബാധിത പ്രദേശത്തെ സ്കൂളുകൾ സെപ്റ്റംബർ 2 ന് തുറക്കുമെന്ന് മന്ത്രി കെ രാജൻ. ദുരിതാശ്വാസ ക്യാംപുകൾ ഇന്നത്തോടെ പൂർണമായി അവസാനിക്കും. ഉരുൾപൊട്ടൽ നാശനഷ്ടങ്ങളെ കുറിച്ചുൾപ്പടെ, കേന്ദ്രത്തിന് ഈമാസം 18 ന് വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചതായി മന്ത്രി പറഞ്ഞു. 1800 233 O221 എന്ന നമ്പറിൽ ദുരിത ബാധിതർക്ക് എത് സമയത്തും ബന്ധപ്പെടാമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&

## SAJI CHERIAN

ഹേമ കമ്മീഷൻ റിപ്പോർട്ട് പുറത്തു വന്നതിനു പിന്നാലെ, സംവിധായകൻ രഞ്ജിത്തിനെതിരെ ബംഗാളി അഭിനേത്രി ശ്രീലേഖ മിത്ര നടത്തിയ ആരോപണത്തിന്റെ വസ്തുത പരിശോധിക്കേണ്ടതുണ്ടെന്ന് മന്ത്രി സജി ചെറിയാൻ. സർക്കാർ ഇരക്കൊപ്പമാണെന്നും പരാതി തരുന്ന മുറയ്ക്ക് അന്വേഷിക്കുമെന്നും അദ്ദേഹം പറഞ്ഞു. മാധ്യമങ്ങളിലൂടെ ഉന്നയിച്ച മൊഴിയിൽ കേസെടുക്കാൻ കഴിയില്ലെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

## VD SATHEESAN

ബംഗാളി അഭിനേത്രിയുടെ ആരോപണത്തിൽ ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത് സ്ഥാനമൊഴിയണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. ഹേമ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിവയ്ക്കാൻ സർക്കാർ കൂട്ടു നിന്നതായി അദ്ദേഹം ആരോപിച്ചു. റിപ്പോർട്ടിലെ കാര്യങ്ങൾ അന്വേഷിച്ച് നിജസ്ഥിതി പുറത്തു കൊണ്ടു വരണമെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 6
## DHAWAN RETIREMENT

അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച് ശിഖർ ധവാൻ. ആരാധകരുടെ സ്നേഹത്തിനും പിന്തുണയ്ക്കും നന്ദി പറയുന്നതായി ധവാൻ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. 2022 ഡിസംബറിൽ ബംഗ്ലാദേശിനെതിരായ ഏകദിന പരമ്പരയിലാണ് ധവാൻ അവസാനമായി ഇന്ത്യക്കായി കളിച്ചത്. 2010 മുതൽ 2022 വരെ 34 ടെസ്റ്റുകളിലും 167 ഏകദിനങ്ങളിലും 68 ടി20 മാച്ചുകളിലും ശിഖർ ധവാൻ ഇന്ത്യൻ ടീമിൽ ഉണ്ടായിരുന്നു.

&&&&&&&&&&&&&&&&

## UNDER-17 WORLD CHAMPIONSHIP

ജോർദാനിലെ അമ്മാനിൽ നടക്കുന്ന അണ്ടർ 17 ഗുസ്തി ലോക ചാമ്പ്യൻഷിപ്പിൽ 185 പോയിന്റുകളുമായി ഒന്നാമതെത്തി ഇന്ത്യൻ വനിതകൾ. 146 പോയിൻ്റുമായി ജപ്പാൻ രണ്ടാം സ്ഥാനത്തും 79 പോയിൻ്റുമായി കസാക്കിസ്ഥാൻ മൂന്നാം സ്ഥാനത്തുമാണുള്ളത്. അഞ്ച് സ്വർണവും ഒരു വെള്ളിയും രണ്ട് വെങ്കലവുമടക്കം എട്ട് മെഡലുകളാണ് ഇന്ത്യൻ താരങ്ങൾ നേടിയത്.

&&&&&&&&&&&&&&&&

## DURAND CUP

ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ നാളെ നടക്കുന്ന ആദ്യ സെമി ഫൈനലിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ലജോങ്ങിനെ നേരിടും. ഈ മാസം 27 ന് നടക്കുന്ന രണ്ടാം സെമിയിൽ ബെംഗളൂരു നിലവിലെ ചാമ്പ്യൻമാരായ മോഹൻ ബഗാൻ സൂപ്പർ ജയന്റ്സുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന ക്വാർട്ടർ ഫൈനലിൽ ബെംഗളൂരു എഫ്. സിയോട് പരാജയപ്പെട്ട കേരള ബ്ലാസ്റ്റേഴ്സ്, സെമി ഫൈനൽ കാണാതെ പുറത്താവുകയായിരുന്നു.

&&&&&&&&&&&&&&&&

## IMD-RAIN

രാജ്യത്ത് വിവിധയിടങ്ങളിൽ ഇന്നും നാളെയും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഗുജറാത്ത്, മധ്യപ്രദേശ്, ത്രിപുര, മിസോറാം എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിലും കൊങ്കൺ,

ഗോവ, മധ്യമഹാരാഷ്ട്ര, ഝാർഖണ്ഡ്, ഒഡീഷ, പശ്ചിമ ബംഗാൾ, മേഘാലയ, കിഴക്കൻ രാജസ്ഥാൻ എന്നിവിടങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കിഴക്കൻ സംസ്ഥാനങ്ങളിൽ ഉൾപ്പടെ ഈ ആഴ്ച കനത്ത മഴ പെയ്യുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ അടുത്ത അഞ്ചു ദിവസം ഇടിയോടു കൂടിയ മഴയ്ക്ക് സാധ്യത. ഇന്ന് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. കർണാടക തീരത്ത് ഇന്ന് മത്സ്യബന്ധനം വിലക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## JK-POLL

നിയമസഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് തീയതികളിൽ പൊതു അവധി പ്രഖ്യാപിച്ചു. യോഗ്യരായ എല്ലാ വോട്ടർമാർക്കും പോളിംഗ് ദിവസം ശമ്പളത്തോടുകൂടിയ അവധി നൽകും. ദിവസ വേതന വ്യവസ്ഥയിൽ ജോലിയെടുക്കുന്ന തൊഴിലാളികൾക്കും വേതനത്തോട് കൂടിയ അവധിക്ക് അർഹതയുണ്ടെന്ന് ഉത്തരവിൽ പറയുന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അവതരിപ്പിച്ച മൊബൈൽ വോട്ടർ ഫ്രണ്ട്‌ലി ആപ്ലിക്കേഷനുകൾ ഉൾപ്പടെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പ്രയോജനപ്പെടുത്തണമെന്ന് ജമ്മു കശ്മീർ ചീഫ് ഇലക്ടറൽ ഓഫിസർ പി കെ പോൾ വോട്ടർമാരോട് അഭ്യർത്ഥിച്ചു. നിയമസഭാ തിരഞ്ഞെടുപ്പിൽ സജീവ പങ്കാളിത്തം ഉറപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&